**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4323** **09-08-2021 - ൽ മറുപടിയ്ക്ക്**

**നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് രൂപീകരണം പൂർത്തിയായോ; നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | സംസ്ഥാനത്തുള്ള 1077 കൃഷി ഭവനുകളിൽ, ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കേണ്ടതായ 1061 കൃഷി ഭവനുകളിലും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | വർഷങ്ങൾക്കു മുൻപ് നികത്തപ്പെട്ടതും ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി, റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ഭവന നിർമ്മാണത്തിന് അനുമതി ലഭിക്കാത്ത പ്രശ്നം അടിയന്തരമായി പരിഹരിക്കാൻ നടപടിയെടുക്കുമോ? | (ബി) | വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിനായുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ട്, 30.12.2017 തീയതി മുതൽ പ്രാബല്യത്തോടെ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ടി നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ പ്രകാരം, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിച്ച്, അനുവദനീയമായവയ്ക്ക്, റവന്യൂ രേഖകളിൽ തരംമാറ്റ അനുമതി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ